പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2534 — 18.07.2011-ൽ മറുപടിക്ക്

## ആസിയാൻ കരാറും കാർഷിക ഉല്പന്നങ്ങളുടെ വിലയിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.എ. മാധവൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.പി. സജീന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഇന്ത്യ ആസിയാൻ കരാറിന്റെ ഭാഗമായത് എന്നുമുതൽക്കാണ് ; ആസിയാൻ കരാറിന്റെ ഭാഗമായതിനുശേഷം കേരളത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; | (എ) ഇന്ത്യ, ആസിയാൻ കരാറിൽ 2009 ആഗസ്റ്റ് 13 ന് ഒപ്പുവയ്ക്കുകയും 2010 ജനുവരി ഒന്നു മുതൽ കരാർ പ്രാബല്യത്തിൽ വരികയും ചെയ്തു. കരാറിന്റെ ഭാഗമായതിനുശേഷം കേരളത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ, ഈ വർദ്ധന ആസിയാൻ കരാർ മുഖാന്തരമാണെന്ന് പറയാൻ കഴിയില്ല. |
| (ബി) ആസിയാൻ കരാറിനു മുൻപും ഇപ്പോഴുമുള്ള പ്രസ്തുത ഉല്പന്നങ്ങളുടെ ശരാശരി വില എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) അനുബന്ധം (I) ആയി ചേർക്കുന്നു. |
| (സി) കേരളത്തിൽ തേങ്ങയുടെ ഉല്പാദനം കഴിഞ്ഞ അഞ്ചു വർഷം കുറഞ്ഞതായി കരുതുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിലെ കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ചു വർഷം തേങ്ങയുടെ ഉല്പാദനത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. മാരകമായ കാറ്റുവീഴ്ച രോഗം, വിസ്തൃതിയിലുണ്ടാകുന്ന കുറവ്, കൂമ്പുചീയൽ രോഗം, കാലാവസ്ഥ വ്യതിയാനങ്ങൾ, പ്രായാധിക്യമുള്ളതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളുടെ ആധിക്യം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, നാളികേരാധിഷ്ഠിത ഉല്പന്നങ്ങളുടെ വിലയിടിവുമൂലം അത്യാവശ്യം വേണ്ട പരിചരണമുറകൾ നൽകുന്നതിനുള്ള കർഷകരുടെ വൈമുഖ്യം, ഉല്പന്നവൈവിധ്യങ്ങളുടെ അഭാവം, തൊഴിലാളികളുടെ ദൗർലഭ്യം എന്നിവയാണ് ഉല്പാദനം കുറയാൻ പ്രധാനമായ കാരണങ്ങൾ |

(ഡി) നാളികേര കൃഷി പ്രോത്സാഹനത്തിനായി കേന്ദ്രസർക്കാർ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ അനുവദിച്ച തുകയും പദ്ധതികളും എന്തെല്ലാമാണെന്നും ഇതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) അനുബന്ധം (II) ആയി ചേർക്കുന്നു.

ഇതിനുപുറമെ, നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതിപ്രകാരം കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 41.645 കോടി രൂപ ചെലവഴിച്ചു.

(ഇ) നാളികേര സംഭരണത്തിനായി കേന്ദ്രസർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; പ്രസ്തുത തുക കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ടോ ;

(ഇ) നാളികേര സംഭരണത്തിന് പ്രത്യേകമായി കേന്ദ്രസർക്കാർ തുകയൊന്നും നൽകുന്നില്ല.

(എഫ്) നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്ന് അറിയിക്കുമോ ?

(എഫ്) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ താഴെപ്പറയുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 100% കേന്ദ്രപദ്ധതിയായ തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ

(2) നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന തെങ്ങുപുനരുദ്ധാരണ പദ്ധതി

(3) സംസ്ഥാന നാളികേരവികസന പദ്ധതി

അണ്ടർ സെക്രട്ടറി

## അനുബന്ധം - I

**പ്രധാന കാർഷിക ഉൽപ്പന്നങ്ങളുടെ ശരാശരി വില -ആസിയാൻ കരാറിനു മുൻപും പിൻപും**

| ഉൽപന്നം | യൂണിറ്റ് | 2009 ആഗസ്റ്റ് | 2010 ജനുവരി | 2011 ജനുവരി | 2011 ഏപ്രിൽ | 2011 ജൂൺ |
|---|---|---|---|---|---|---|
| കൊപ്ര | രൂപ/കി.ഗ്രാം | 32.20 | 34.44 | 61.65 | 66.37 | 69.63 |
| വെളിച്ചെണ്ണ | രൂപ/കി.ഗ്രാം | 46.12 | 50.49 | 90.25 | 96.69 | 101.41 |
| റബ്ബർ RSS -5 | രൂപ/കി.ഗ്രാം | 102.56 | 129.40 | 221.80 | 235.30 | 217.17 |
| കുരുമുളക് | രൂപ/കി.ഗ്രാം | 145.06 | 136.24 | 221.56 | 259.66 | |
| ഏലം (തരം തിരിക്കാത്തത്) | രൂപ/കി.ഗ്രാം | 719.16 | 1016.19 | 1341.95 | 955.69 | ലഭ്യമല്ല |
| തേയില | രൂപ/കി.ഗ്രാം | 82.85 | 75.32 | 76.63 | 75.46 | |
| കാപ്പിക്കുരു | രൂപ/കി.ഗ്രാം | 101.62 | 120.00 | 180.70 | 215.00 | |

അണ്ടർ സെക്രട്ടറി

# അനുബന്ധം-II

കേന്ദ്ര സർക്കാർ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അനുവദിച്ച തുകയും പദ്ധതികളും ചുവടെ കുറിക്കുന്നു.

| വർഷം | പദ്ധതി | അനുവദിച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ |
|---|---|---|---|
| 2006-07 | തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ | 666.595 | 656.62 ലക്ഷം |
| 2007- 08 | തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ | 975.898 | 968. 35 |
| 2008 - 09 | തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ | 274.504 | 274. 06 |
| 2009- 10 | തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ | 433.2125 | 430. 45 |
| 2010- 11 | (1) തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ | 227.5 | 227. 45 |
| | (2) കുട്ടനാട് പാക്കേജ് പദ്ധതി | 187.5 lakh | 229 57 |
| | (3) ഇടുക്കി പാക്കേജ് പദ്ധതി | 25.0 | 25 0 |